സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 24 | 2025 മാർച്ച് 30 ഞായർ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ഭൂകമ്പത്തിൽ 59 നിലയുള്ള ബഹുനില കെട്ടിടത്തിന്റെ സ്കൈ ബ്രിഡ്ജ് തകർന്നു

ബാങ്കോക്ക് : ബാങ്കോക്കിലുണ്ടായ ഭൂകമ്പത്തിൽ ബഹുനില കെട്ടിടമായ പാർക്ക് ഒറിജിൻ തോങ്ലോറിന്റെ സ്കൈ ബ്രിഡ്ജ് തകർന്നു. കെട്ടിടസമുച്ചയത്തിലെ മൂന്നു കെട്ടിടങ്ങളെ ബന്ധിപ്പിക്കുന്നതാണ് ഈ സ്കൈ ബ്രിഡ്ജ്. ഭയാനകമായ രീതിയിൽ കെട്ടിടം ആടിയുലയുകയും മുകളിൽ നിന്നും അവശിഷ്ടങ്ങൾ താഴേയ്ക്ക് പതിയ്ക്കുകയും ചെയ്തു. 59 നിലകളുള്ള കെട്ടിടത്തിൽ 1182 അപ്പാർട്ട്മെന്റുകളുണ്ട്.

# പുടിന്റെ വാഹനത്തിൽ തീപിടിച്ചു; കൊലപാതക ശ്രമമെന്ന് ആശങ്ക



മോസ്കോ: റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ഔദ്യോഗിക വാഹനത്തിന് തീപിടിച്ചു. കാറിൽ തീ ആളി പടരുന്നതിന്റെ ദൃശ്യങ്ങൾ വ്യാപകമായി പ്രചരിക്കുകയാണ്.

ലുബിയങ്കയിലെ എഫ്എസ്ബി ആസ്ഥാനത്തിന് സമീപത്താണ് സ്ഫോടനം ഉണ്ടായത്. 3,55,796 ഡോളർ വിലമതിപ്പുള്ള ഓറസ് ലിമോസിനാണ് തീപിടിച്ചത്. ക്രെമ്ലിനിലെ പ്രസിഡൻഷ്യൽ പ്രോപ്പർട്ടി മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള വാഹനത്തിനാണ് തീപിടിച്ചതെന്നാണ് റിപ്പോർട്ടുകൾ. സ്ഫോടനത്തിന്റെ കാരണം ഇതുവരെയായിട്ടും വ്യക്തമല്ല. സംഭവത്തിൽ ആർക്കും പരിക്കുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

കാർ തീപിടിച്ചതിന് പിന്നിൽ കൊലപാതക ഗൂഢാലോചനകൾ നടന്നിരുന്നതായും ആശങ്കകൾ ഉയരുന്നുണ്ട്. എഞ്ചിനിലാണ് ആദ്യമായി തീ പടർന്നുപിടിച്ചത്. അഗ്നിശമനാ സേന എത്തുന്നതിന് മുൻപ് തന്നെ സമീപത്തെ റസ്റ്റോറന്റുകളിലെ ആളുകൾ എത്തി രക്ഷാപ്രവർത്തനം നടത്തുകയായിരുന്നു. സംഭവ സമയത്ത് കാറിനുള്ളിൽ ആരായിരുന്നുവെന്ന് ഇപ്പോഴും വ്യക്തമല്ല. വ്ളാഡിമിർ പുടിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടും റഷ്യയ്ക്ക് യുദ്ധത്തിൽ നിർണായക തിരിച്ചടി നേരിടേണ്ടി വരുമെന്ന് പ്രവചിച്ചതിന് തൊട്ടുപിന്നാലെയാണ് അപകടമുണ്ടായത്.

വ്ളാഡിമിർ പുടിൻ റഷ്യൻ നിർമിത ഓറസ് വാഹനങ്ങളാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഇത്തരം വാഹനങ്ങൾ ഉത്തരകൊറിയയുടെ കിം ജോംഗ് ഉൻ ഉൾപ്പടെയുള്ള വിദേശ നേതാക്കൾക്ക് സമ്മാനിക്കുകയും ചെയ്തിരുന്നു.

## 'എമ്പുരാനിലെ പ്രമേയങ്ങൾ എന്നെ സ്നേഹിക്കുന്നവരിൽ കുറേ പേർക്ക് മനോവിഷമം ഉണ്ടാക്കി'; ഖേദം പ്രകടിപ്പിച്ച് മോഹൻലാൽ

എമ്പുരാൻ വിവാദത്തിൽ ഖേദം പ്രകടിപ്പിച്ച് മോഹൻലാൽ. ഫേസ്ബുക്കിലൂടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. 'എമ്പുരാൻ' സിനിമയുടെ ആവിഷ്കാരത്തിൽ കടന്നു വന്നിട്ടുള്ള ചില രാഷ്ട്രീയ-സാമൂഹിക പ്രമേയങ്ങൾ എന്നെ സ്നേഹിക്കുന്നവരിൽ കുറേപേർക്ക് വലിയ മനോവിഷമം ഉണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം പ്രതികരിച്ചു. അതുകൊണ്ട് തന്നെ എന്റെ പ്രിയപ്പെട്ടവർക്ക് ഉണ്ടായ മനോവിഷമത്തിൽ എനിക്കും എമ്പുരാൻ ടീമിനും ആത്മാർത്ഥമായ ഖേദമുണ്ടെന്നും മോഹൻലാൽ കുറിച്ചു.

'ലൂസിഫർ' ഫ്രാഞ്ചൈസിന്റെ രണ്ടാം ഭാഗമായ 'എമ്പുരാൻ' സിനിമയുടെ ആവിഷ്കാരത്തിൽ കടന്നു വന്നിട്ടുള്ള ചില രാഷ്ട്രീയ-സാമൂഹിക പ്രമേയങ്ങൾ എന്നെ സ്നേഹിക്കുന്നവരിൽ കുറേപേർക്ക് വലിയ മനോവിഷമം ഉണ്ടാക്കിയതായി ഞാനറിഞ്ഞു. ഒരു കലാകാരൻ എന്ന നിലയിൽ എന്റെ ഒരു സിനിമയും ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തോടോ, ആശയത്തോടോ, മതവിഭാഗത്തോടോ വിദ്വേഷം പുലർത്തുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടത് എന്റെ കടമയാണ്. അതുകൊണ്ടു തന്നെ എന്റെ പ്രിയപ്പെട്ടവർക്ക് ഉണ്ടായ മനോവിഷമത്തിൽ എനിക്കും എമ്പുരാൻ ടീമിനും ആത്മാർത്ഥമായ ഖേദമുണ്ട്, ഒപ്പം അതിന്റെ ഉത്തരവാദിത്വം സിനിമയ്ക്ക് പിന്നിൽ പ്രവർത്തിച്ച ഞങ്ങൾ എല്ലാവരുടേതുമാണ് എന്ന തിരിച്ചറിവോടെ

അത്തരം വിഷയങ്ങളെ നിർബന്ധമായും സിനിമയിൽ നിന്ന് നീക്കം ചെയ്യാൻ ഞങ്ങൾ ഒരുമിച്ച് തീരുമാനിച്ച് കഴിഞ്ഞു. കഴിഞ്ഞ നാല് പതിറ്റാണ്ട് നിങ്ങളിലൊരാളായാണ് ഞാൻ എന്റെ സിനിമാ ജീവിതം ജീവിച്ചത്. നിങ്ങളുടെ സ്നേഹവും വിശ്വാസവും മാത്രമാണ് എന്റെ ശക്തി. അതിൽ കവിഞ്ഞൊരു മോഹൻലാൽ ഇല്ല എന്ന് ഞാൻ വിശ്വസിക്കുന്നു...

സ്നേഹപൂർവ്വം മോഹൻലാൽ

## പ്ലസ് വൺ പരീക്ഷയിലെ ആൾമാറാട്ടം; വിദ്യാർഥിയുടെ രജിസ്ട്രേഷൻ റദ്ദാക്കിയേക്കും

കോഴിക്കോട്: കടമേരി ആർഎസി ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ് വൺ പരീക്ഷയിൽ ആൾമാറാട്ടം നടത്തിയ സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തും. പരീക്ഷ എഴുതേണ്ട വിദ്യാർഥിക്കെതിരേ ജുവനയിൽ ജസ്റ്റിസ് ബോർഡിന് റിപ്പോർട്ട് നൽകും. വിദ്യാർഥിയുടെ പ്ലസ് വൺ രജിസ്ട്രേഷൻ റദ്ദാക്കാൻ സാധ്യതയുണ്ട്. ആൾമാറാട്ടം നടത്തിയ മുചുകുന്ന് പുളിയഞ്ചേരി സ്വദേശി കെ.കെ. മുഹമ്മദ് ഇസ്മയിലിന്റെ അറസ്റ്റ് കഴിഞ്ഞദിവസം പോലീസ് രേഖപ്പെടുത്തിയിരുന്നു. ഇയാൾ ഹാൾടിക്കറ്റിൽ കൃത്രിമം നടത്തുകയായിരുന്നു.

ആർ എ സി. ഹയർ സെക്കൻഡറി സ്കൂളിൽ ഓപ്പൺ സ്കീമിൽ പ്ലസ് വൺ ഇംഗ്ലീഷ് ഇംപ്രൂവ്മെൻറ് പരീക്ഷയെഴുതുന്ന മലപ്പുറം സ്വദേശിയായ മുഹമ്മദ് മിസ്ഹബ് എന്ന വിദ്യാർഥിക്ക് പകരമായാണ് ബിരുദവിദ്യാർഥിയായ മുഹമ്മദ് ഇസ്മായിൽ പരീക്ഷയെഴുതാനെത്തിയത്. രണ്ടുപേരും കടമേരി റഹ്മാനിയ കോളേജിൽ മതപഠനത്തിനെത്തിയതിനെ തുടർന്നുള്ള പരിചയമാണ്. ഇവർ താമസിക്കുന്നത് ഒരേ ഹോസ്റ്റലിലാണ്.

ക്ലാസിൽ പരീക്ഷാധ്യൂട്ടിയിലുണ്ടായിരുന്ന അധ്യാപകന് സംശയംതോന്നി ചോദ്യം ചെയ്തപ്പോഴാണ് ആൾമാറാട്ടം മനസ്സിലായത്. അധ്യാപകൻ പ്രിൻസിപ്പലിനെ വിവരമറിയിച്ചതിനെ തുടർന്ന് പ്രിൻസിപ്പൽ വിദ്യാഭ്യാസ അധികൃതർക്കും പോലീസിലും പരാതിനൽകി. തുടർന്ന് നാദാപുരം പോലീസെത്തി പ്രതിയെ കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലെത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

## സംഘപരിവാർ സൃഷ്ടിക്കുന്ന ഭീതിയുടെ അന്തരീക്ഷം ആശങ്കപ്പെടുത്തുന്നത്; എമ്പുരാനെ പിന്തുണച്ച് മുഖ്യമന്ത്രി

തിരു: മലയാള സിനിമാ വ്യവസായത്തെ പുതിയ നേട്ടങ്ങളിലേയ്ക്ക് നയിക്കുന്ന ചിത്രമാണ് എമ്പുരാൻ എന്നും സംഘപരിവാർ സൃഷ്ടിക്കുന്ന ഭീതിയുടെ അന്തരീക്ഷം ആശങ്കപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. ചിത്രം കണ്ടതിന് ശേഷം ഫെയ്സ്ബുക്കിലൂടെയാണ് അദ്ദേഹം പ്രതികരിച്ചത്.

മലയാള സിനിമാ വ്യവസായത്തെ പുതിയ നേട്ടങ്ങളിലേയ്ക്ക് നയിക്കുന്ന എമ്പുരാൻ എന്ന ചിത്രം കാണുകയുണ്ടായി. സിനിമക്കും അതിലെ അഭിനേതാക്കൾക്കും അണിയറ പ്രവർത്തകർക്കുമെതിരെ വ്യാപകമായ വിദ്വേഷ പ്രചരണങ്ങൾ സംഘപരിവാർ വർഗീയത അഴിച്ചു വിടുന്ന സന്ദർഭത്തിലാണ് സിനിമ കണ്ടത്. രാജ്യം കണ്ട ഏറ്റവും നിഷ്ഠുരമായ വംശഹത്യകളിലൊന്നിനെ സിനിമയിൽ പരാമർശിക്കുന്നതാണ് അതിന്റെ ആസൂത്രകരായ സംഘപരിവാറിനെ രോഷാകുലരാക്കിയിരിക്കുന്നത്. അണികൾ മാത്രമല്ല. ബിജെപിയുടേയും ആർ എസ് എസിന്റേയും നേതാക്കൾ വരെ പരസ്യമായ ഭീഷണികൾ ഉയർത്തുകയാണ്.

ഈ സമ്മർദ്ദത്തിൽ പെട്ട് സിനിമയുടെ റീസെൻസറിംഗിനും വെട്ടിത്തിരുത്തലുകൾക്കും നിർമ്മാതാക്കൾ നിർബന്ധിതരാകുന്നു എന്ന വാർത്തകൾ വരെ പുറത്തുവന്നിരിക്കുന്നു. സംഘപരിവാർ സൃഷ്ടിക്കുന്ന ഭീതിയുടെ ഈ അന്തരീക്ഷം ആശങ്കപ്പെടുത്തുന്നതാണ്. വർഗീയതയ്ക്കെതിരെ നിലപാടെടുത്തു എന്നതുകൊണ്ടും അതിന്റെ ഭീകരത ചിത്രീകരിച്ചതുകൊണ്ടും ഒരു കലാസൃഷ്ടിയെ ഇല്ലായ്മ ചെയ്യാനും കലാകാരന്മാരെ നീചമായി ആക്രമിക്കാനും വർഗീയവാദികൾക്കു സാധിക്കുന്ന അവസ്ഥ ജനാധിപത്യത്തിനു ഭൂഷണമല്ല.

ജനാധിപത്യ സമൂഹത്തിൽ പൗരന്റെ ആവിഷ്കാര സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടതാണ്. കലാസൃഷ്ടിയേയും കലാകാരനേയും നശിപ്പിക്കാനും നിരോധിക്കാനുമുള്ള അക്രമാസക്തമായ ആഹ്വാനങ്ങൾ ഫാസിസ്റ്റ് മനോഭാവത്തിന്റെ പുത്തൻ പ്രകടനങ്ങളാണ്. അത് ജനാധിപത്യ അവകാശങ്ങളുടെ ലംഘനമാണ്. സിനിമകൾ നിർമ്മിക്കാനും അവ കാണാനും ആസ്വദിക്കാനും വിലയിരുത്താനും യോജിക്കാനും വിയോജിക്കാനും ഒക്കെയുള്ള അവകാശങ്ങൾ നഷ്ടപ്പെടാതിരിക്കണം. അതിനായി ജനാധിപത്യ മതേതര മൂല്യങ്ങളിൽ അടിയുറച്ച ഈ നാടിന്റെ ഒന്നിച്ചുള്ള സ്വരം ഉയരണം. അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു.

## നായയെ കണ്ട് പേടിച്ചോടിയ കുട്ടി കുളത്തിൽ വീണു, രക്ഷിക്കാനിറങ്ങിയ മുത്തശ്ശിക്ക് ദാരുണാന്ത്യം

പാലക്കാട്: ചിറ്റൂരിൽ കുളത്തിൽ വീണ ചെറുമകളെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ മുത്തശ്ശി മുങ്ങിമരിച്ചു. വണ്ടിത്താവളം സ്വദേശി നബീസയാണ് (55) മരിച്ചത്. നായ ആക്രമിക്കാൻ വരുന്നതിനിടെ ഓടി രക്ഷപ്പെടാൻ ശ്രമിച്ചപ്പോഴാണ് ചെറുമകളായ ഷിഫാന കുളത്തിൽ വീണത്. ഇന്നലെ വൈകിട്ട് അഞ്ച് മണിയോടെയായിരുന്നു അപകടം.ആടിനെ മേയ്ക്കാൻ വണ്ടിത്താവളം വടതോട് കുളത്തിനടുത്തെത്തിയതായിരുന്നു നബീസ. അപ്പോഴാണ് ഷിഫാനയെ നായ ഓടിക്കുന്നത് നബീസ കണ്ടത്.

നായയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ കുട്ടി കാൽവഴുതി കുളത്തിലേക്ക് വീഴുകയായിരുന്നു. കുട്ടിയെ രക്ഷപ്പെടുത്താൻ തിടുക്കപ്പെട്ടിറങ്ങിയ നബീസ കുളത്തിൽ മുങ്ങി താഴുകയായിരുന്നുവെന്ന് പൊലീസ് അറിയിച്ചു. ഇവരെ കുളത്തിൽ നിന്നും പുറത്തെടുത്ത് ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഷിഫാന ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

## ട്രെയിനിടിച്ച് മരിച്ചയാളുടെ പഴ്സിൽ നിന്ന് പണം കവർന്നു, എസ്ഐക്ക് സസ്പെൻഷൻ

കൊച്ചി: ട്രെയിനിടിച്ച് മരിച്ചയാളുടെ പഴ്സിൽ നിന്ന് പണം മോഷ്ടിച്ച എസ്ഐയ്ക്ക് സസ്പെൻഷൻ. ആലുവ പൊലീസ് സ്റ്റേഷനിലെ എസ്ഐ സലീമിനെയാണ് റൂറൽ എസ്പി സസ്പെൻഡ് ചെയ്തത്. ട്രെയിനിടിച്ച് മരിച്ച രാജസ്ഥാൻ സ്വദേശിയുടെ പഴ്സിൽ നിന്നാണ് എസ്ഐ പണം കവർന്നത്.

8000 രൂപയായിരുന്നു പഴ്സിൽ ഉണ്ടായിരുന്നത്. പേഴ്സിലെ പണത്തിന്റെ കണക്ക് പൊലീസ് എണ്ണിത്തിട്ടപ്പെടുത്തിയിരുന്നു. ഇതിനുശേഷം ഇതിൽ നിന്ന് എസ്ഐ 3000 രൂപ കൈക്കലാക്കുകയായിരുന്നു. സ്റ്റേഷനിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചതിൽ നിന്നാണ് സംഭവം പുറത്തുവന്നത്. പിന്നാലെയാണ് എസ്ഐയെ സസ്പെൻഡ് ചെയ്തത്. അതേസമയം, ഇൻക്വസ്റ്റിന് പൊലീസിനെ സഹായിച്ച യാൾക്ക് നൽകാനാണ് പണം എടുത്തതെന്നാണ് എസ്ഐയുടെ വിശദീകരണം.

ഇതിനിടെ തിരുവനന്തപുരത്ത് വാഹന പരിശോധനയ്ക്കിടെ സിവിൽ പൊലീസ് ഓഫീസറെ ബൈക്കിടിച്ച് വീഴ്ത്തിയതായി പരാതി. വിഴിഞ്ഞം സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർ രാകേഷിന് അപകടത്തിൽ ഗുരുതര പരിക്കേറ്റു. കഴിഞ്ഞദിവസം കല്ലുവെട്ടാൻ കുഴി ഭാഗത്ത് വാഹന പരിശോധന നടത്തുന്നതിനിടെയായിരുന്നു സംഭവം. മറ്റൊരു വാഹനം പരിശോധിക്കുന്നതിനിടെ എത്തിയ ബൈക്കിന് കൈകാണിച്ചുവെങ്കിലും അമിത വേഗത്തിലെത്തിയ ബൈക്ക് രാകേഷിനെ ഇടിച്ചുതെറിപ്പിച്ച് കടന്നുകളയുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ രാകേഷിന് ഇടുപ്പിന്റെ ഭാഗത്ത് ഗുരുതര പരിക്കേറ്റു. കൈയിലും മുറിവുണ്ട്. അപകടത്തിന് പിന്നാലെ പൊലീസ് ഉദ്യോഗസ്ഥനെ വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എത്തിക്കുകയും തുടർന്ന് നഗരത്തിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. രാകേഷിനെ ഇടിച്ചിട്ട വാഹനം തിരിച്ചറിയുന്നതിനായി സിസിടിവി ക്യാമറകൾ പരിശോധിക്കുകയാണെന്നും അന്വേഷണം ഊർജിതമാക്കിയതായും പൊലീസ് വ്യക്തമാക്കി.

## 'രാജ്യത്തെ സേവിക്കാൻ പ്രചോദനം'; ആർഎസ്എസ് ആസ്ഥാനത്ത് മോദി

മുംബയ്: പ്രധാനമന്ത്രി നരേന്ദ്രമോദി നാഗ്പൂരിലെ ആർഎസ്എസ് ആസ്ഥാനം സന്ദർശിച്ചു. രാവിലെ നാഗ്പൂർ വിമാനത്താവളത്തിലെത്തിയ മോദിയെ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ചേർന്നാണ് സ്വീകരിച്ചത്. ആർ എസ് എസ് ആസ്ഥാനത്ത് എത്തുന്ന ആദ്യ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. പ്രധാനമന്ത്രിയായതിനുശേഷമുള്ള മോദിയുടെ ആദ്യ സന്ദർശനമാണിത്. 2013ലാണ് അവസാനമായി മോദി ആർഎസ്എസ് ആസ്ഥാനത്തെത്തിയത്.

സന്ദർശനത്തിനിടെ ആർഎസ്എസ് സ്ഥാപകൻ ഡോ. കേശവ് ബലിറാം ഹെഡ്ഗേവാറിന്റെ സ്മൃതി മന്ദിരത്തിൽ പ്രധാനമന്ത്രി പുഷ്പങ്ങൾ അർപ്പിച്ചു. ആർഎസ്എസ് മേധാവി മോഹൻ ഭാഗവതും ഒപ്പമുണ്ടായിരുന്നു. ഭരണഘടനാ ശിൽപി ഡോ.ബി ആർ അംബേദ്കർ ബുദ്ധമതം സ്വീകരിച്ച ദീക്ഷാഭൂമിയും അദ്ദേഹം സന്ദർശിച്ചു. ആർഎസ്എസ് സ്ഥാപകൻ ഗോൾവാൾക്കറുടെ സ്മരണയ്ക്കായി സ്ഥാപിച്ച മാധവ് നേത്രാലയ ആശുപത്രിയുടെ ഭാഗമായി നിർമിക്കുന്ന മാധവ് നേത്രാലയ പ്രീമിയം സെന്ററിന്റെ തറക്കല്ലിടൽ ചടങ്ങിൽ മോദി പങ്കെടുക്കും.

പ്രധാനമന്ത്രിയുടെ സന്ദർശനം ചരിത്രപരമെന്നാണ് ആർഎസ്എസ് പ്രതികരിച്ചത്. ആർഎസ്എസിന്റെ സംഭാവനകളെ പ്രധാനമന്ത്രി അംഗീകരിച്ചുവെന്ന് ആർഎസ്എസ് നേതാവ് അശുതോഷ് അദോനി പറഞ്ഞു. രാജ്യത്തെ സേവിക്കാൻ ആർഎസ്എസ് പ്രചോദനമെന്നാണ് മോദി വിസിറ്റേഴ്സ് ബുക്കിൽ കുറിച്ചത്. ആർഎസ്എസ് നൂറ് വർഷം പൂർത്തിയാക്കുന്ന സന്ദർഭത്തിലാണ് മോദിയുടെ സന്ദർശനം. വാർഷികാഘോഷങ്ങൾ ഒക്ടോബറിലാണ് ആരംഭിക്കുന്നത്. ആർഎസ്എസ് ആസ്ഥാനം സന്ദർശിച്ചതിന്റെ വിവരങ്ങളും ചിത്രങ്ങളും മോദി സമൂഹമാദ്ധ്യമത്തിൽ പങ്കുവച്ചിട്ടുണ്ട്.

## പോസ്റ്റ് ഓഫീസ് നിക്ഷേപത്തിൽ 25 ലക്ഷത്തിന്റെ തിരിമറി, മഹിളാ പ്രധാൻ ഏജന്റിനെതിരെ നടപടി

തിരു: പോസ്റ്റ് ഓഫീസ് നിക്ഷേപത്തിൽ ലക്ഷങ്ങളുടെ തിരിമറി നടത്തിയ ഏജന്റിനെതിരെ നടപടി. പാളയംകുന്ന് പോസ്റ്റ് ഓഫീസ് മുഖേന മഹിളാ പ്രധാൻ ഏജന്റായി പ്രവർത്തിക്കുന്ന ബിന്ദുവിനെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. ബിന്ദുവിന്റെ ഏജൻസി വഴി 25 ലക്ഷത്തിലധികം രൂപയുടെ തിരിമറി നടന്നതായി പരാതി ലഭിച്ചിരുന്നു. ഇത് അന്വേഷിച്ച് വസ്തുതയുണ്ടെന്ന് കണ്ടെത്തിയതോടെയാണ് അധികൃതർ നടപടി സ്വീകരിച്ചത്.

പാളയംകുന്ന് പോസ്റ്റ് ഓഫീസിൽ റെക്കറിംഗ് ഡെപ്പോസിറ്റ് (ആർഡി) നിക്ഷേപം നടത്തുന്ന നിക്ഷേപകർ പാളയംകുന്ന് പോസ്റ്റ് ഓഫീസുമായി ബന്ധപ്പെട്ട് നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്ന് ദേശീയ സമ്പാദ്യപദ്ധതി ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പരാതിയുള്ളവർ വർക്കല ബ്ലോക്ക് ഓഫീസുമായി ബന്ധപ്പെടണം. ദേശീയ സമ്പാദ്യ പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ബിന്ദുവുമായി യാതൊരുവിധ പണമിടപാടും നടത്താൻ പാടില്ലെന്നും അറിയിച്ചിട്ടുണ്ട്. മഹിളാപ്രധാൻ ഏജന്റുമാരുമായി ബന്ധപ്പെട്ട പരാതികൾ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസറെ അറിയിക്കാനായി 0471 – 2478731 എന്ന നമ്പരും പുറത്തുവിട്ടിട്ടുണ്ട്. എന്നാൽ, ബിന്ദു ഈ തുക തിരിച്ചടച്ചെന്നും തിരികെ ജോലിയിൽ പ്രവേശിച്ചിരിക്കുകയാണെന്നും പ്രദേശവാസികൾ അറിയിച്ചിട്ടുണ്ട്.

## മേഘയുടെ സുഹൃത്ത് ഒളിവിൽ; ഫോൺ സ്വിച്ച് ഓഫ്; അവസാനം വിളിച്ചത് സുകാന്ത്

തിരു: ഐ.ബി ഉദ്യോഗസ്ഥ മേഘയുടെ മരണത്തിന് ഉത്തരവാദിയെന്നു കരുതുന്ന സുഹൃത്തായ ഐ.ബി ഉദ്യോഗസ്ഥൻ സുകാന്ത് സുരേഷ് ഒളിവിൽ. ഓഫിസിലും മലപ്പുറത്തെ വീട്ടിലും തിരഞ്ഞിട്ട് കണ്ടില്ലെന്ന് പൊലീസ്. ഫോൺ സ്വിച്ച് ഓഫാണ്. മേഘയെ അവസാനം വിളിച്ചത് സുകാന്ത് എന്ന് ഉറപ്പിച്ചിട്ടുണ്ട്. എട്ട് മിനുട്ട് സംസാരിച്ചു.മേഘയുടെ ശമ്പളം സുകാന്തിന്റെ അക്കൗണ്ടിലേക്ക് മാറ്റിയെന്നും സ്ഥിരീകരിച്ചു.

മകളുടെ മരണത്തിനു കാരണം സുഹൃത്തുമായുള്ള സൗഹൃദം തന്നെയെന്ന് ഉറച്ചു പറയുകയാണ് മേഘയുടെ കുടുംബം. തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം ഐബി ഉദ്യോഗസ്ഥയായിരുന്ന മേഘയെ അങ്ങേയറ്റം സാമ്പത്തികമായി ചൂഷണം ചെയ്തിട്ടുണ്ട് എടപ്പാൾ സ്വദേശിയും ഐബി ഉദ്യോഗസ്ഥനുമായ സുകാന്ത് സുരേഷ്. മകളുടെ ശമ്പളം സമ്പാദ്യത്തിലേക്കു മാറ്റുകയാണെന്നാണ് കുടുംബം കരുതിയത്, എന്നാൽ സുകാന്ത് കടുത്ത സാമ്പത്തിക ചൂഷണം നടത്തുന്ന കാര്യം മേഘ വീട്ടിൽ അറിയിച്ചിരുന്നില്ലെന്നും കുടുംബം വ്യക്തമാക്കുന്നു. തിരുവനന്തപുരത്ത് താമസിച്ചിരുന്ന ഹോസ്റ്റലിന്റെ ഫീസും ഭക്ഷണത്തിന്റെ ചെലവുകളും മകൾ തന്നെയായിരുന്നു നോക്കിയിരുന്നത്.

## 'മസ്കിനെ വെറുക്കുന്നവർ അണിചേരുക'; അമേരിക്കയിൽ ടെസ്ല ഷോറൂമുകൾക്ക് മുന്നിൽ പ്രതിഷേധം

വാഷിങ്ടൺ: യു.എസിൽ ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന് കീഴിൽ അദ്ദേഹത്തിന്റെ ഉപദേശകനും ഡോജ് മേധാവിയുമായ ഇലോൺ മസ്ക് നടപ്പാക്കുന്ന കൂട്ടപിരിച്ചുവിടൽ ഉൾപ്പെടെയുള്ള പരിഷ്കാരങ്ങളിൽ വ്യപക പ്രതിഷേധം. ഇതിന്റെ ഭാഗമായി ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള ടെസ്ലയുടെ അമേരിക്കയിലുടനീളമുള്ള ഡീലർഷിപ്പുകൾക്ക് മുന്നിലാണ് പ്രതിഷേധ പ്രകടനങ്ങൾ നടന്നത്. യു.എസിന് പുറമെ, യൂറോപ്പിലെ ഏതാനും നഗരങ്ങളിലും ടെസ്ല ഷോറൂമുകൾ പ്രതിഷേധക്കാർ ഉപരോധിച്ചിരുന്നു.

ട്രംപ് ഭരണകൂടത്തിലെ ഉപദേശകനായി പ്രവർത്തിക്കുന്നുണ്ടെങ്കിലും മസ്കിന്റെ സമ്പത്തിന്റെ പ്രധാന ഉറവിടം 340 ബില്ല്യൺ ഡോളറിന്റെ ആസ്തിയുള്ള ടെസ്ല എന്ന ഇലക്ട്രിക് വാഹന കമ്പനിയാണ്. ഇത് തകർക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രതിഷേധക്കാർ ടെസ്ലയുടെ ഡീലർഷിപ്പുകൾ ഉപരോധിക്കാൻ തീരുമാനിച്ചിരിക്കുന്നത്. വരും ദിവസങ്ങളിലും പ്രക്ഷോഭം ശക്തമാക്കുമെന്നാണ് വിവരം. യു.എസ്. ഫെഡറൽ മേഖലയിലെ ചെലവുകൾ ചുരുക്കുന്നതിനായി ആരംഭിച്ച ഗവൺമെന്റ് എഫിഷ്യൻസി വകുപ്പിന്റെ മേധാവിയാണ് ഇലോൺ മസ്ക്.

ചെലവ് ചുരുക്കലിന്റെ ഭാഗമായി അമേരിക്കയിലെ വിവിധ ഏജൻസികൾ അടച്ചുപൂട്ടുകയും നിരവധി ആളുകൾക്ക് തൊഴിൽ നഷ്ടമാകുകയും ചെയ്തിരുന്നു. ഈ നടപടിയിൽ പ്രതിഷേധിച്ചാണ് ജനങ്ങൾ തെരുവിലിറങ്ങിയിരിക്കുന്നത്. സമീപകാലത്തായി മസ്കിന്റെ ടെസ്ല കാറുകളുടെ വിൽപ്പനയിൽ വലിയ ഇടിവാണ് സംഭവിച്ചിരിക്കുന്നത്. ഈ പ്രതിഷേധം വിൽപ്പനയിൽ വീണ്ടും ഇടിവുണ്ടാക്കുമെന്നാണ് പ്രതിഷേധക്കാർ വിലയിരുത്തുന്നത്. 277 ഷോറൂമുകൾക്ക് മുന്നിലാണ് പ്രതിഷേധം നടന്നത്.

ശനിയാഴ്ച ഉച്ചക്ക് ശേഷമാണ് പ്രതിഷേധക്കാർ ഷോറൂമുകളിലേക്ക് സംഘടിച്ചെത്തിയത്. ന്യൂജേഴ്സി, മസാച്യൂസെറ്റ്സ്, കണക്ടിക്കട്ട്, ന്യൂയോർക്ക്, മേരിലാൻഡ്, മിനസോട്ട, ടെക്സാസ് എന്നിവിടങ്ങളിലെ ഷോറൂമുകളിലേക്കാണ് നൂറുകണക്കിനാളുകൾ പ്രതിഷേധപ്രകടനമായി എത്തിയത്. കോടീശ്വരനായ മുതലാളിക്കെതിരേയുള്ള പോരാട്ടമെന്നും മസ്കിനെ എതിർക്കുന്നവർ അണിചേരുകയെന്നുമുള്ള പോസ്റ്ററുകൾ ഉയർത്തിയായിരുന്നു പ്രതിഷേധക്കാർ ഷോറൂമുകൾ ഉപരോധിച്ചത്.

മസ്കിനെതിരായ പ്രതിഷേധത്തെ പ്രതിരോധിക്കാൻ ട്രംപ് അനുകൂലികളായ ഒരുകൂട്ടം ആളുകളും തെരുവിലിറങ്ങിയിരുന്നു. ഒരു ഫാസിസ്റ്റ് ഭരണകൂടമാണ് നമ്മളെ ഭരിക്കുന്നത്. ഇത് തടയാനായില്ലെങ്കിൽ നമുക്ക് നമ്മുടെ രാജ്യവും ഈ നാടിന്റെ ന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# തൃശൂർ പൂരം വെടിക്കെട്ടിന് കേന്ദ്രം അനുമതി നൽകണം: അഡ്വ ജോസഫ് ടാജറ്റ്

തൃശ്ശൂർ: തൃശൂർ പൂരം വെടിക്കെട്ട് ഗംഭീരമായി ജനങ്ങൾ നടത്തുമെന്ന് പറഞ്ഞൊഴിയാതെ എങ്ങനെയാണ് വെട്ടിക്കട്ടിന് അനുമതി ലഭിക്കുക എന്ന് സുരേഷ് ഗോപി എം പി വ്യക്തമാക്കണമെന്ന് ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. വിശ്വാസികളും, പൂരപ്രേമികളും കടുത്ത ആശങ്കയിലാണ്. സ്വന്തം കാര്യ സാധ്യത്തിനായി എന്തും വിളിച്ചു പറയുമ്പോൾ ഇതു കൂടെ പറയാനുള്ള ഉത്തരവാദിത്വം കാണിക്കണം. ഇനി വ്യക്തിപരമായ നേട്ടത്തിനുള്ള അടുത്ത നാടകമാണോ ഇത്. 'വെടക്കാക്കി തനിക്കാക്കാണോ'. വെടിക്കെട്ട് സംബന്ധിച്ച പെസോ നിയമം ഭേദഗതി ചെയ്തത് 2024 ഒക്ടോബറിലാണ്. ഫയർ ലൈനിലേക്ക് മാഗസനിൽ നിന്ന് 200 മീറ്റർ അകലം തുടങ്ങിയുള്ള നിർദ്ദേശങ്ങൾ ഒട്ടും പ്രായോഗികമല്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പുറ്റിങ്ങിൽ അപകടത്തെ തുടർന്നാണ് ഇത്തരത്തിൽ നിർദ്ദേശം ഉണ്ടായതെന്നാണ് പറയുന്നത്. എന്നാൽ അത്തരത്തിൽ 45മീറ്റർ എന്നത് 200 മീറ്റർ ആക്കിയതിന് ശാസ്ത്രീയമായ ഒരു അടിസ്ഥാനവുമില്ലെന്ന് മുൻ ജോയിന്റ് ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് ഓഫ് പെസോയും പുറ്റിങ്ങൽ അന്വേഷണ കമ്മിറ്റി അംഗവുമായ ആർ വേണുഗോപാൽ പറയുന്നു. സ്വന്തം മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പിൻവലിക്കാൻ ഏറെ സമയമുണ്ടായിട്ടും പൂരം വിളിപ്പാട് അകലെ എത്തിയപ്പോൾ വ്യക്തതയില്ലാതെ മറുപടി പറയുന്നത് ശരിയല്ല. വെടിക്കെട്ട് വിവാദം തരികട പരിപാടിയെന്ന് പറഞ്ഞത് തൃശ്ശൂരിലെ ജനങ്ങളെ അപമാനിക്കുന്നതാണ്. പൂരം ഹൈടെക് ടെക്നോളജിയിൽ നടത്തുമെന്ന് പറഞ്ഞ കേന്ദ്ര മന്ത്രിയും തൃശൂർ എം.പി.യുമായ സുരേഷ് ഗോപി സ്വന്തം വകുപ്പിന്റെ കീഴിലുള്ള പെസോ നിർദ്ദേശങ്ങളിൽ ഇടപെടാതെ തൃശ്ശൂരിനെയും ലക്ഷക്കണക്കിന് പൂരപ്രേമികളെയും കബളിപ്പിക്കുകയാണ്. ഇനി അവസാന സമയം അനുമതി കൊടുത്ത് അതിന്റെ ക്രെഡിറ്റ് അവകാശപ്പെടാനുള്ള മൂന്നാംകിട തന്ത്രമാണെങ്കിൽ അത് ഇനിയും തൃശ്ശൂരിന്റെ മണ്ണിൽ വിലപോവില്ല. ഒക്ടോബർ മുതൽ സമയമുണ്ടായിട്ടും പൂരം വെടിക്കെട്ട് ടത്താൻ കേന്ദ്രത്തിന് ഒരു കത്ത് നൽകാൻ മാർച്ച് പകുതി വരെ കാത്തിരുന്ന മുഖ്യന്ത്രി പിണറായി വിജയന്റെ ആത്മാർത്ഥതയെ ഈ കാര്യത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു. വേണമെങ്കിൽ ഇതിന്റെ പ്രാധാന്യത്തെ ചൂണ്ടികാണിക്കാൻ ഒരു മന്ത്രി തല സംഘത്തെ കേന്ദ്രത്തിലേക്ക് അയക്കാമായിരുന്നു, ഗുരുതരമായ വീഴ്ച സംസ്ഥാന സർക്കാരിന് ഉണ്ടായത്. കഴിഞ്ഞ കുറേ വർഷങ്ങളായി തൃശൂർ പൂരത്തെ മനപ്പൂർവ്വം തടസ്സപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ആനയെഴുന്നള്ളിപ്പും എക്സിബിഷൻ തറവാടകയും വഴി സംസ്ഥാന സർക്കാരും വെടിക്കെട്ട് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കേന്ദ്ര സർക്കാരും ഒറ്റക്കെട്ടായി ദേവസ്വങ്ങളെ സമ്മർദത്തിലാക്കുകയാണ്.

പൂരം കലക്കൽ മാത്രമല്ല പൂരം തകർക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായി ബോധപൂർവ്വം ഇരു ഗവൺമെന്റുകളും നടത്തുന്ന ഒത്തുകളിയാണ് അടിക്കടിയുണ്ടാകുന്ന മാർഗ്ഗ തടസ്സങ്ങളെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എന്തായാലും എത്രയും വേഗം വെടിക്കെട്ട് നടത്തുവാൻ വേണ്ട നടപടികൾ കേന്ദ്ര,സംസ്ഥാന സർക്കാരുകൾ സ്വീകരിക്കണമെന്ന് ഡി സി സി പ്രസിഡണ്ട് ജോസഫ് ടാജറ്റ് പറഞ്ഞു.

# മന്ത്രി എ കെ ശശീന്ദ്രനേയും തോമസ് കെ തോമസിനേയും അയോഗ്യരാക്കും; നടപടികളുമായി ഇരുവർക്കും നോട്ടീസയച്ചു

തൃശൂർ: പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന മന്ത്രി എ കെ ശശീന്ദ്രൻ, തോമ്സ് കെ തോമസ് എംഎൽഎ എന്നിവരെ അയോഗ്യരാക്കുന്നതിനുള്ള നടപടികൾ എൻസിപി ആരംഭിച്ചു. നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇരുവർക്കും കാരണംകാണിക്കൽ നോട്ടീസയച്ചു. എൻസിപി സംസ്ഥാന പ്രസിഡന്റ് എൻ എ മുഹമ്മദ് കുട്ടിയാണ് നോട്ടീസയച്ചത്.

എ കെ ശശീന്ദ്രനും തോമസ് കെ തോമസും പാർട്ടിസ്ഥാനാർത്ഥിയായി പാർട്ടി ചിഹ്നത്തിലാണ് കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷത്തോളമായി പാർട്ടിയുടെ അടിസ്ഥാന തത്വങ്ങൾക്കും രാഷ്ട്രീയ നിലപാടുകൾക്കും വിരുദ്ധമായാണ് ഇരുവരും പ്രവർത്തിക്കുന്നത്. എൻസിപിയുടെ ഔദ്യോഗിക നിലപാടുകൾക്കെതിരെ തുടർച്ചയായി പരസ്യപ്രസ്താവന നടത്തുന്നതായി പാർട്ടിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എൻസിപിയുടെ നിലപാടുകൾക്കെതിരെ നിൽക്കുന്ന എതിർപക്ഷത്തുള്ള പാർട്ടികളുമായി സഹകരിക്കുകയും അവരുടെ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. പാർട്ടിയുടെ എതിർപക്ഷത്തു നിൽക്കുന്ന എൻസിപി എസ് (ശരദ് പവാർ വിഭാഗം) ൽ അംഗത്വം എടുത്തതായി പാർട്ടിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 2വർഷമായി ഇരു ജനപ്രതിനിധികളും എൻസിപി യുടെ പരിപാടികളിൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടും പങ്കെടുത്തിട്ടില്ല. ഈ കാരണങ്ങൾ ചൂണ്ടിക്കാണിച്ചാണ് അയോഗ്യരാക്കുന്നതിനുള്ള നടപടിക്രമങ്ങൾ എൻസിപി ആരംഭിച്ചിട്ടുള്ളത്.

നിയമസഭ ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ അച്ചടക്കലംഘനം നടത്തിയ എ കെ ശശീന്ദ്രനെയും തോമസ് കെ തോമസിനെയും അയോഗ്യരാക്കാൻ പാർട്ടിക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഇത്തരം നിയമനടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ നോട്ടീസ് കിട്ടി 7 ദിവസത്തിനകം വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം നൽകിയില്ലെങ്കിൽ കുറ്റം സമ്മതിച്ചതായി കണക്കാക്കി ഇരുവരേയും അയോഗ്യരാക്കുന്നതിനുള്ള നിയമനടപടി സ്വീകരിക്കുമെന്നും എൻഎ മുഹമ്മദ് കുട്ടി നൽകിയ നോട്ടീസിൽ പറയുന്നു.

# കാരുണ്യ സ്പർശവുമായി ലയൺസ് ഫെം ഫെസ്റ്റ് ആരംഭിച്ചു

തൃശൂർ: ലയൺ ലേഡി ക്ലബ് ഓഫ് തൃശൂരിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ളധനശേഖരാണാർത്ഥം വർഷം തോറും നടത്തിവരുന്ന 'FEMFEST'25, FOOD FEST എന്നിവ ആരംഭിച്ചു. മാർച്ച് 29, 30 തീയതികളിൽ രാവിലെ 10 മണിമുതൽ രാത്രി 9 മണി വരെ മിഷൻ ക്വാർട്ടേഴ്സിലുള്ള ലയൺസ് കമ്യൂണിറ്റി ഹാളിലാണ് ഫെം ഫെസ്റ്റ് നടക്കുന്നത്. ലയൺസ് ഡിസ്ട്രിക്ട് ഗവർണ്ണർ ജെയിംസ് വളപ്പിള ഫെം ഫെസ്റ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫസ്റ്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണർ ടി.ജയകൃഷ്ണൻ ചടങ്ങിൽ ആദ്യ വിൽപ്പന നടത്തി. സെക്കന്റ് വൈസ് ഡിസ്ട്രിക്ട് ഗവർണ്ണർ സുരേഷ് വാര്യർ, കൗൺസിലർ സിന്ധു ചാക്കോള, ഏരിയ ചെയർ പേഴ്സൺ സോണിയ തോമസ്, ലേഡീസ് സർക്കിൾ പ്രസിഡന്റ് നിർമ്മല മുരളീധരൻ, എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. തൃശൂർ ലേഡീസ് സർക്കിൾ പ്രസിഡന്റ് ജയശ്രീ അശോകൻ സ്വാഗതവും ലയൺസ് ക്ലബ്ബ് ഓഫ് ട്രിച്ചൂർ ലേഡീസ് സർക്കിൾ ട്രഷറർ റോസ്മി ജയിംസ് നന്ദിയും പറഞ്ഞു.

കാൻസർ ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കുള്ള ധനസമാഹരണാർത്ഥം ആവശ്യമായ ഫണ്ട് കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫെം ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഫാൻസി ഓർണ്ണമെന്റ്സ്, ചുരിദാറുകൾ, സാരികൾ, ഡ്രസ്സ് മെറ്റീരിയൽസ്, ഡെക്കറേറ്റീവ് ആർട്ടിക്കിൾസ്, ഹോം ഫുഡ്സ്, ബാഗുകൾ, ഹെർബൽ മെഡിസിനുകൾ, ചോക്ക്ളേറ്റ്സ്, കേക്ക്, ഹൗസ് കീപ്പിംഗ് പ്രോഡക്ടുകൾ തുടങ്ങിയവയുടെ 30ലധികം സ്റ്റാളുകളാണ് ഫെം ഫെസ്റ്റിൽ അണിനിരത്തിയിരിക്കുന്നത്.

ഫെം ഫെസ്റ്റ് സന്ദർശിക്കുന്നവർക്ക് ലക്കി ഡ്രോ കൂപ്പണുകളിലൂടെ ആകർഷകങ്ങളായ സമ്മാനങ്ങൾ നേടാവുന്നതാണ്. പ്രവേശനം സൗജന്യമാണ്.

## ചരമവാർഷികദിനം ആചരിച്ചു

അവണൂർ :അവണൂർ പഞ്ചായത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിൽ മുൻനിരയിൽ പ്രവർത്തിച്ച പി.വി. രാഘവന്റെ ഒന്നാം ചരമവാർഷികദിനം ആചരിച്ചു. സിപിഐ എം അവണൂർ എ കെജി ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ സമ്മേളനം സിപിഐ എം പുഴയ്ക്കൽ ഏരിയ സെക്രട്ടറി കെ എസ് സുഭാഷ് ഉദ്ഘാടനം ചെയ്തു. പി.കെ. ഉണ്ണികൃഷ്ണൻ അധ്യക്ഷനായിരുന്നു. പി.കെ.കൃഷ്ണകുമാർ, ഇ. പി.കുട്ടപ്പൻ, കെ. കെ. പ്രഭാകരൻ,പി.ആർ. ധർമ്മരാജൻ, പി. ബി. പവിത്രൻ, പി. എസ്. പരമേശ്വരൻ, പി.സി. ബിജു,പി നന്ദൻ, പി.എസ്. സീമ, ജെയിൻ ഫ്രാൻസീസ്, എ.വി.സജീവൻ, എം.കെ. അനിൽകുമാർ, ജയൻ അവണൂർ എന്നിവർ സംസാരിച്ചു.വി.വി. സിജു സ്വാഗതവും, വി.കെ. മുകുന്ദൻ നന്ദിയും പറഞ്ഞു.

## ഏ.ഡി ഷാജുമാസ്റ്റർക്ക് അധ്യാപക പുരസ്കാരം

തൃശൂർ: തൃശൂർ സഹോദയ സി. ബി. എ സ്.ഇസ് കൂളുകളിൽനിന്ന് 2024-25 വർഷത്തിലെമികച്ച പ്ലസ്ടു അധ്യാപകർക്കുള്ള പുരസ്കാരം (ഫസ്റ്റ് റണ്ണർ അപ്പ്) ദേവമാതസ്കൂളിലെ ഏ. ഡിഷാജുമാസ്റ്റർ കരസ്ഥമാക്കി.

അധ്യാപനം, സംഘാടനം, എഴുത്ത്, സാമൂഹ്യസേവനം, മീഡിയഎന്നീ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പുരസ്കാരം. അതിരൂപത പാസ്റ്ററൽ കൗൺസിൽ അജണ്ട കമ്മിറ്റി അംഗവുംഅതിരൂപത സീനിയർ സി.എൽ.സി ജനറൽ കോർഡിനേറ്ററുമാണ്. 20 പുസ്തകങ്ങളുടെരചയിതാവാണ്. ലൂർദ്ദ്ഫൊറോന കുടുംബ കൂട്ടായ്മകൺവീനറാണ്.

ഇന്ത്യാ ബുക്ക് ഓഫ് റെക്കോർ ഡിൽ ഇടം നേടിയിട്ടുണ്ട്.സംസ്ഥാന പി.ടി.എയുടെ മികച്ച മലയാള ഭാഷ അധ്യാപക പുരസ്കാരജേതാവ്കൂടിയാണ്. ദേശീയതലത്തിൽ ഭാരത് എക്സലൻസ് പുരസ്കാരവുംസ്വർണ്ണമെഡലുംലഭിച്ച എഴുത്തുകാരനാണ്. 25 വർഷമായിഅധ്യാപകനായി സേവനം ചെയ്യുന്നു. മലയാളത്തിലും ജേർണലിസത്തിലുംഎംഎയും ബി.എഡുംകരസ്ഥമാക്കിയിട്ടുണ്ട്. 20 വർഷമായി മാധ്യമരംഗത്ത് പ്രവർത്തിക്കുന്നു. സ്വപ്നം, മക്കൾക്കൊപ്പം, അമ്മമാലാഖ എന്നിവ ശ്രദ്ധേയമായ പുസ്തകങ്ങളാണ്.

## ശംഖുബസാർ ഇരട്ട കൊലപാതകം പ്രതികൾക്ക് ഇരട്ട ജീവപര്യന്തം കഠിന തടവും 4 ലക്ഷം രൂപ വീതം പിഴയും ശിക്ഷ

തൃശൂർ: കൊടുങ്ങല്ലൂർ പടി. വെമ്പല്ലൂർ ശങ്കുബസാർ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ 2012 ഫെബ്രുവരി 7ന് കാവടി ഉത്സവത്തിൽ ഉണ്ടായ വഴക്കിന്റെ വൈരാഗ്യത്താൽ 2012ഫെബ്രുവരി 11 ന് രാത്രി 10.30ന് ശംഖുബസ്സാറിൽ വച്ച് ചിറ്റാപ്പുറത്ത് മധു, കോലാന്തറ സുധി എന്നിവരെ കുത്തി കൊലപ്പെടുത്തിയ കേസിൽ ഒന്നും, രണ്ടും പ്രതികളായ കുടിലിങ്ങ ബസാർ ദേശം പടിഞ്ഞാറെ വെമ്പല്ലൂർ വില്ലേജ് പുളിപ്പറമ്പിൽ വീട്ടിൽ ശശിധരൻ മകൻ രശ്മിത് @ മിട്ടു (36), ശംഖു ബസാർ ദേശം പടിഞ്ഞാറെ വെമ്പല്ലൂർ വില്ലേജ് ചള്ളിയിൽ വീട്ടിൽ ഉണ്ണികൃഷ്ണൻ മകൻ ദേവൻ (37), എന്നിവരെ ഇരട്ട ജീവപര്യന്തം കഠിന തടവിനും, 4 ലക്ഷം രൂപ വീതം പിഴയടക്കുന്നതിനും തൃശ്ശൂർ ഒന്നാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി ടി.കെ. മിനിമോൾ ശിക്ഷ വിധിച്ചു. ഇന്ത്യൻ ശിക്ഷാ നിയമം 302 നു പുറമെ 341, 34 വകുപ്പുകൾ പ്രകാരവുമാണ് ശിക്ഷിച്ചത്.

മതിലകം പോലീസ് കേസ് രജിസ്റ്റർ ചെയ്തു സബ് ഇൻസ്പെക്ടർ ആയിരുന്ന പി.കെ.പത്മരാജൻ ആദ്യ അന്വേഷണം നടത്തിയിരുന്നു. തുടർന്നുള്ള അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് ചാർജ് കൊടുത്തത് അന്നത്തെ കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ ആയിരുന്ന വി.എസ്. നവാസ് ആണ്. അന്വേഷണത്തിൽ എ.എസ് ഐ ജഗദീഷ്, സീനിയർ സിവിൽ പോലീസ് ഓഫീസർ കെ. സി. ശിവൻ എന്നിവർ സഹായികളായിരുന്നു. സിവിൽ പോലീസ് ഓഫീസറായ അജീഷ് പി.എ. പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു. ബിജെപി പ്രവർത്തകർ തമ്മിലുള്ള തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്.

കേസിൽ പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 24 സാക്ഷികളെ വിസ്തരിക്കുകയും, 45 രേഖകളും, 37 മുതലുകളും ഹാജരാക്കുകയും ചെയ്തു. പ്രതികൾക്കുള്ള വൈരാഗ്യം മൂലമാണ് ഈ ക്രൂരകൃത്യം ചെയ്തതെന്ന് തെളിക്കുന്നതിൽ പ്രോസിക്യൂഷൻ വിജയിച്ചു. കേസിലെ ദൃക്സാക്ഷിയുടെ മൊഴി കൂടാതെ പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയും കേസിലെ നിർണ്ണായകരേഖകളായി.

കേസിൽ സർക്കാരിനു വേണ്ടി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.പി. അജയകുമാർ കോടതിയിൽ ഹാജരായി.

## എന്റെ കേരളം പ്രദർശന വിപണന മേള മെയ് 18 മുതൽ 24 വരെ സംഘാടകസമിതി രൂപീകരിച്ചു

തൃശൂർ: രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേള മെയ് 18 മുതൽ 24 വരെ തേക്കിൻക്കാട് മൈതാനത്തെ വിദ്യാർഥി കോർണറിൽ നടക്കും. മേളയുടെ സംഘാടക സമിതി രൂപീകരണയോഗം റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടന്ന യോഗത്തിൽ ഉന്നത വിദ്യാഭ്യാസ, സാമൂഹികനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അധ്യക്ഷയായി.

സംസ്ഥാന സർക്കാരിന്റെ ജില്ലയിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള അവസരം വിവിധ വകുപ്പുകൾക്ക് നൽകുകയാണ് മേളയുടെ ലക്ഷ്യമെന്ന് മന്ത്രി അഡ്വ. കെ രാജൻ പറഞ്ഞു. വ്യത്യസ്തമായ മോഡലുകൾ പ്രദർശിപ്പിക്കുന്നതിന് വകുപ്പുകൾ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർക്കാരിന്റെ ആഭിമുഖ്യത്തിൽ നിർമിച്ചിട്ടുള്ള ഉൽപന്നങ്ങൾ വിപണനം ചെയ്യാൻ സാധിക്കുന്ന തരത്തിലാണ് പ്രദർശന വിപണന മേള ഒരുക്കുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കലാസാംസ്കാരിക പരിപാടികളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവരെ ഉൾപ്പെടുത്തുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു.

വാർഷികത്തോടനുബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന ജില്ലാതല യോഗം മെയ് 14ന് തൃശൂരിൽ നടക്കും.